"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് III തസ്തികയിൽ സർവീസിലിരിക്കെ മരണപ്പെട്ട സന്തോഷ് കുമാർ.ജി-യുടെ മകളായ കുമാരി.ആര്യാ സന്തോഷ്-ന് ആശ്രിതനിയമന പദ്ധതി പ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്

സ.ഉ.(കൈ) നം.105/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/06/2021

---

പരാമർശം:- 1. 24.05.1999 ലെ സ.ഉ (അച്ചടി) 12/99/ഉഭപവ.

2. കുമാരി.ആര്യാ സന്തോഷ് 16.07.2019 - ൽ സമർപ്പിച്ച ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 29.02.2020-ലെ ഇ2/12133/19/സി.ഇ.എസ്./സിഇ/തസ്വഭവ നം. കത്ത്.

4. ആലപ്പുഴ ജില്ലാ കളക്ടറുടെ 31.03.2021-ലെ DCALP/5145/2020-A7 നം. കത്ത്.

**ഉത്തരവ്**

തകഴി ഗ്രാമ പഞ്ചായത്തിൽ ഓവർസീയർ ഗ്രേഡ് III ആയിരിക്കേ 28.11.2018-ൽ മരണപ്പെട്ട സന്തോഷ് കുമാർ.ജി-യുടെ മകളായ കുമാരി.ആര്യാ സന്തോഷ് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 13 വർഷവും 8 മാസവും 8 ദിവസവും ആണ്.

2.അപേക്ഷകയുടെ ജനനതീയതി 25.03.1999 ആകയാൽ ടിയാൾക്ക് ഇപ്പോൾ 22 വയസ്സുണ്ട്. ടിയാൾ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൾ സെക്കന്ററി, ഹയർ സെക്കന്ററി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും ആലപ്പുഴ ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3,4 പ്രകാരം കുമാരി.ആര്യാ സന്തോഷ്-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. കുമാരി.ആര്യാ സന്തോഷ്, പരേതനായ സന്തോഷ് കുമാർ.ജി-യുടെ മകളാണ്. കുമാരി.ആര്യാ സന്തോഷ്-ന്റെ മാതാവായ ശ്രീമതി.സന്ധ്യ സന്തോഷ് ന്റെയും മൈനറായ ഇളയ മകൾ കുമാരി ഐശ്വര്യ സന്തോഷിന്റെയും പേരിൽ കുമാരി.ആര്യ സന്തോഷ്-ന് ജോലി നൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. കുമാരി.ആര്യ സന്തോഷ് ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ ടിയാളുടെ മാതാവിനെ ജീവിതകാലം മുഴുവനും ഇളയ സഹോദരി പ്രായപൂർത്തിയാകുന്നത് വരെയും സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സമ്മതമൊഴി ലഭ്യമാക്കിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം 36,000/-(മുപ്പത്തി ആറായിരം രൂപ മാത്രം) രൂപയാണ് എന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ

ഓവർസീയർ ഗ്രേഡ് III തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട സന്തോഷ് കുമാർ.ജി-യുടെ മകളായ കുമാരി.ആര്യാ സന്തോഷ്-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5.തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാൾക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. കുമാരി ആര്യാ സന്തോഷ്, പ്ലാംപറമ്പിൽ, ഇരട്ടകലുങ്ക്, കരുമാടി പി.ഒ., അമ്പലപ്പുഴ, ആലപ്പുഴ - 688 561. (രജിസ്റ്റേർഡ് തപാൽ മുഖേന).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, ആലപ്പുഴ.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. പൊതു ഭരണ (സി.ഇ. സെൽ) വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 14-06-2021 13:44:40
Reason: Approved

സെക്ഷൻ ഓഫീസർ